പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ 17/7/2012- ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ: 7541

## ആധുനിക സൗകര്യങ്ങളോടുകൂടിയ അറവുശാലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) കേരളത്തിലെ ഭൂരിഭാഗം പഞ്ചായത്തുകളിലും ആധുനിക സൗകര്യങ്ങളോടുകൂടിയ അറവുശാലകൾ നിലവിലില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) ഗ്രാമപഞ്ചായത്തുകളിൽ ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിന് സർക്കാർ ശുചിത്വമിഷനെ നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുണ്ട്. ശാസ്ത്രീയമായ രീതിയിൽ അറവുശാലകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് ശുചിത്വ മിഷൻ സാങ്കേതിക സഹായം നൽകുന്നുണ്ട്. 2012-13 വർഷത്തിൽ ആധുനിക അറവു ശാലകൾ നിർമ്മിക്കുന്നതിന് സർക്കാർ ഓരോ ഗ്രാമപഞ്ചായത്തിനും 20 ലക്ഷം രൂപ വീതം 25 ഗ്രാമപഞ്ചായത്തുകൾക്ക് 5 കോടി രൂപ ധനസഹായം അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) അനധികൃതമായി പ്രവർത്തിക്കുന്ന അറവുശാലകൾ നിയന്ത്രിക്കുന്നതിന് പഞ്ചായത്ത് പ്രദേശങ്ങളിൽ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ? | (സി) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 231 ഉം 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ പ്രകാരവും 1994-ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും ആപൽക്കരവും ആയ വ്യാപരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ അനുസരിച്ചും അനധികൃത അറവുശാലക്കെതിരെ നടപടിയെടുക്കാൻ ഗ്രാമപഞ്ചായത്തിനും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്കും ചുമതലയുണ്ട്. |

സെക്ഷൻ ഓഫീസർ